

# ബ്ലൂമിങ്ങ് ബഡ്സ്

## ഡിജിറ്റൽ മാഗസിൻ

### എസ് എസ് എം എച്ച് എസ് എസ് തെയ്യാലിങ്ങൽ

ലിറ്റിൽ കൈറ്റ്സ് 2022-25

little KITEs

# ബ്ലൂമിങ്ങ് ബഡ്സ്

## ഡിജിറ്റൽ മാഗസിൻ

### ഒരു ലിറ്റിൽ കൈറ്റ് പ്രസിദ്ധീകരണം



# ചീഫ് എഡിറ്റർ

**ഇഹ്സാൻ അമീൻ**

# എഡിറ്റോറിയൽ ബോർഡ്

**ഉമൈറ**
**ഷസ ഫാത്തിമ**
**രോഹൻ ശങ്കർ**
**അദ്വിത**

# ഉള്ളടക്കം

## കവിത

അമ്മ വിളിച്ചുവോ.................ഫിദ നസ്‌ലു
മരിക്കുന്ന ഭവനം...................മിൻഹ സന
രാത്രി ഗീതം........................നിത ഷെറി
മാതൃ മൊഴികൾ.................രോഹൻ ശങ്കർ
സ്ത്രീ സമവാക്യം...................രോഹൻ ശങ്കർ
സ്നേഹ ഗീതം.......................മിൻഷ
കവിത ജനിക്കുന്നു................ഷഹ്മ
തിരിച്ചറിവ്............................ഷഹ്മ
എന്റെ ഗ്രാമം.......................ഷസ ഫാത്തിമ
സാന്ത്വനം..............................ഉമൈറ

## കഥ

ലഹരി തകർത്ത ജീവൻ......അദ്വിത
മാതൃത്വത്തിന്റെ മാതൃക.....ഫാത്തിമ ഹിബ

# ആമുഖം

ലിറ്റിൽ കൈറ്റ് ക്ലബ്ബ് വിവര വിനിമയ സാങ്കേകിക വിദ്യയുടെ നിരവധി സങ്കേതങ്ങളിൽ ഞങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.അതിൽ ഒരു പ്രധാന സങ്കേതമാണ് സ്ക്രൈബസ്.ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ഞങ്ങൾ എസ് എസ് എം എച്ച് എസ് എസ് ൻെറ സ്കൂൾ വിക്കിയിലൂടെ പരിചയപ്പെടുത്തുന്നു

# അമ്മ വിളിച്ചുവോ ?



പാടവരമ്പത്ത്
തോർത്തുമായ്
ഇരുൾ വീണു.
ദൂരമിനിയുമേറെ...
ഓർമ്മകൾ
വഴിവിളക്കായ്
തെളിയുന്നു...

മഴ നനഞ്ഞോടുന്ന ബാല്യം!
ഉമ്മറത്തിണ്ണയിൽ
വേവലാതി പൂണ്ട്
അമ്മ !

അമ്മയൊരുക്കും
പൊതിച്ചോറ് !
ഇല തുടച്ച് പോം
സ്വാദ് !
ചൊല്ലിപ്പഠിപ്പിച്ച
പാഠങ്ങൾ
ഓർമ്മച്ചെപ്പിൽ
മുത്തുപോൽ തിളങ്ങുന്നു !

അമ്മ വിളിച്ചുവോ ?
ഉമ്മറത്ത്
കത്തിനില് പൂ നിറദീപം !

-ഫിദ

# മരിക്കുന്ന ഭുവനം

മാമരങ്ങളും മഹാചലങ്ങളും
പൂവണിപ്പൊയ്കയും
കൗതുകം വിടരും കൺകളുമുള്ള നീ
ഞങ്ങളെ ലാളിച്ചുപോറ്റിയും
ഒത്തിരി
ഇഷ്ടവും

ഇത്തിരിനോവും പകർന്നും
മായുന്നുവോ....മറയുന്നുവോ....!
ഇത്തിരിനോവും പകർന്നും

മണ്ണിലും വിണ്ണിലും
ഓരോ അണുവിലും
അറിയുന്നു നിന്നെ ഞാൻ!
പിന്നെയും പിന്നെയും
നിന്നിലലിയാൻ കൊതിയോടെ
അലയുന്നു ഞാനിതാ
ഉലകമാകെ...

മിൻഹ സന

# രാത്രി ഗീതം

നേർത്ത മഞ്ഞിൻ
മഴങ്ങുന്ന സന്ധ്യ
മുകിലിന്റെ പിന്നിൽ
മുഖം പൊത്തുന്ന ചന്ദ്രൻ
പകലിനോട് കിന്നാരം ചൊല്ലി
വിട പറയുന്ന സസസമീരൻ
തരക്കളിൽ
പറ്റിപ്പിക്കുന്ന
മിന്നാമിനുങ്ങുകൾ.

ഹാ! എത്ര, മോഹനം!
എന്നമീ കാഴ്ചകൾ
ഊതിക്കെടുത്താറു-
ണ്ടെന്നിലെരിയുന്ന
നൊമ്പര ജ്വാലകൾ
നിലച്ച
പകലിന്റെ
അട്ടഹാസം.
നിശ്ശബ്ദയാമിനീ,
നിന്നിൽ
മുഖം പൂഴ്ത്തട്ടെ ഞാൻ.

നിദ

# സ്ത്രീ സമവാക്യം

സ്ത്രീ=ഇര
പുരുഷപീഡനത്തിന്റെ
വ്യവസ്ഥിതിയുടെ
ഇര
പുരുഷൻ
ചതിക്കുഴി
അവൾ തന്നെ
അവൾക്കു ശത്രു!

എന്നും
വീഴ്ത്തപ്പെടുന്നു
ഒപ്പം
വാഴ്ത്തപ്പെടുന്നു!

അവന്
അവളുടെ സ്വപ്നങ്ങൾവേണ്ടാ
'സേവനങ്ങൾ' മതി!



രോഹൻ ശങ്കർ. പി

# മാതൃമൊഴികൾ

മകനേ
നിൽക്കൂ
പായുവതെങ്ങോട്ട്?

മിടുക്കനാണു നീ,
അഹങ്കാരമരുത്.

എൻ ഹൃദയവനം
നീ കരണ്ടൂ,
രക്തനദി
നീ കുടിച്ചു!

അറിയുക-
എന്റെ നാശം
നിന്റേതും!

ഓർമയില്ലേ-
എൻ മാറിൻ
ചൂടറിഞ്ഞ
ശൈശവം?

നിന്നെ സ്നേഹിച്ച്
ഓമനിച്ചൂട്ടിയ
അമ്മ
കേഴുന്നൂ!

കേൾക്കുക-
നിനക്കുവാണ്ടി!

# സ്നേഹഗീതം

ആത്മാവിൽ
സ്വയമറിയാതുണരുന്ന
അനുഭൂതിയാകുന്നു
സ്നേഹം
സ്നേഹത്തിനു പകരമായ്
മറ്റെന്തുണ്ട് ഭുവിൽ!
മഞ്ഞിൽ വിരിയുന്ന
പൂവാണ് സ്നേഹം
സരസ്വതീവീണയിൽ
നാദബ്രപമം ചമയ്ക്കുന്നു
സ്നേഹം
ആകാശഗംഗയിൽ
അലതല്ലിയൊഴുകുന്നു
സ്നേഹം
സത്യത്തിൻ
നിറവാണു സ്നേഹം.

# കവിത ജനിക്കുന്നു

ഒരു നാൾ
പേനയും വിരലും കണ്ടുമുട്ടി.
അവർ പ്രണയിച്ചു;
വിവാഹം കഴിച്ചു.
വഴിയെ അവർക്കൊരു
കുഞ്ഞ് പിറന്നു;
'കവിത' എന്ന് പേരിട്ടു.

# തിരിച്ചറിവ്

ജീവിതം
ഒരു അമ്യൂസ് മെന്റ് പാർക്ക് !
ഊഞ്ഞാലിലാടുന്നു ഞാൻ
അറിയാം –
ഇപ്പോൾ തേൻ തരുന്ന ലോകം
ഭാവിയിൽ വിഷമേ തരൂ!

ഷഹ്മ

# എന്റെ ഗ്രാമം



പൊൻകിരണങ്ങൾതൻ മൃക-
ശംഖനാദം കേട്ട്
തുയിലുണരുമെൻ ഗ്രാമം
പച്ചിലത്തുമ്പുകൾ ഹരിതസമൃദ്ധിയെൻ ഗ്രാമം
പുൽക്കൊടിതോറും നൽത്തുമ്പിക്കിടാങ്ങൾ
തുള്ളിക്കളിക്കുന്ന ഗ്രാമം
ഓങ്കാരമോതി തെളിനീർപ്പുഴകൾ
നീന്തിനടക്കുന്ന ഗ്രാമം
പൂമ്പാദമുള്ള വിശുദ്ധരാം ബാലകർ
ചുവടുകൾ വയ്ക്കുന്ന ഗ്രാമം
ഇരുൾ മായ്ക്കാൻ ചന്ദ്രികയെത്തവേ വൃന്ദാ -
വനമായി മാറുന്ന ഗ്രാമം
മലയാളമണ്ണിനു പുതുജീവനേകുന്ന
നിറകതിരൊളിയാണെന്റെ ഗ്രാമം .

**ഷസ ഫാത്തിമ**

# സാന്ത്വനം

പെയ്യാനും  പെയ്യാതിരിക്കാനും...

നിരീക്ഷണകേന്ദ്രത്തിന്റെ
മഹത്പ്രവചനം!

ഇടവപ്പാതിയും...
കർക്കടകപ്പെയ്ത്തും  കാത്ത്
പാവം  കൃഷിവലർ!

വിണ്ടുകീറും  വയലുകൾ....
തൊണ്ട  പൊട്ടും  തവളകൾ...

സാന്ത്വനം....
നദികളിലിനിയും  നീർച്ചാലുകൾ,
ഹിമവാനിനിയുമുരുകാനുണ്ട് !..

# ലഹരി കവർന്നെടുത്ത ജീവൻ

പഠിക്കാൻ മിടുക്കിയായിരുന്നു ഗാഥ.സ്കൂളിൽ ഒന്നാമതായിരുന്നു അവൾ.അധ്യാപകരുടെയെല്ലാം പ്രിയ വിദ്യാർഥിനി.അച്ഛനമ്മമാരുടെ അഭിമാനമായിരുന്നു ഗാഥ.എല്ലാവരോടും വളരെയധികം സന്തോഷത്തോടെയാണ് അവൾ പെരുമാറിയിരുന്നത്.

പക്ഷേ പതിയെ അവളുടെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ കണ്ടുതുടങ്ങി.അന്ന് സ്കൂൾ വിട്ട് വളരെ വൈകിയാണ് അവൾ വീട്ടിലെത്തിയത്.കാരണമന്വേഷിച്ചപ്പോൾ സ്പെഷ്യൽ ക്ലാസ്സ് ഉണ്ടായിരുന്നുവെന്ന് കള്ളം പറയുകയും ചെയ്തു.പക്ഷേ ഒരുപാട് തവണ വൈകി വരുന്നത് ആവർത്തിച്ചപ്പോൾ അച്ഛനമ്മമാർ അവളോട് ചോദിച്ചു.അതിന് അവൾ അമ്മയോട്ദേഷ്യപ്പെടുകയുംചെയ്തു.

മകളുടെ പെരുമാറ്റത്തിൽ ചില സംശയങ്ങൾ തോന്നിയ അച്ഛൻ അടുത്ത ദിവസം അവളെ പിന്തുടർന്ന് സ്കൂളിലേക്കുപോയി.പക്ഷേ അവൾ ഒരാളൊഴിഞ്ഞ കുറ്റിക്കാടിലേക്കുപോവുന്നതാണ് കണ്ടത്.പിന്നീട് അവൾ ബാഗിൽനിന്നും കാശെടുത്ത് ഒരു പൊതി വാങ്ങുന്നതും കണ്ട അച്ഛൻ ആകെതകർന്നു.വീട്ടിൽ പോയി ഭാര്യയോട് ഇക്കാര്യമെങ്ങനെ പറയുമെന്നോർത്ത് അദ്ദേഹം ആകെ മനഃപ്രയാസത്തിലായി.വീട്ടിലെത്തി ഭാര്യയോട് പറഞ്ഞപ്പോൾ അവർക്ക് അത് താങ്ങാവുന്നതിലും അപ്പുറമായിരുന്നു.ഒരുവിധത്തിൽ ഭാര്യയെ പറഞ്ഞാശ്വസിപ്പിച്ച് മകളോട് ഇതിനെ പറ്റി തിരക്കി. അസ്വസ്ഥയായ അവൾ ദേഷ്യപ്പെട്ടു. അച്ഛനമ്മമാർ മയക്കുമരുന്നുകളുടെ ദൂഷ്യവശത്തെ പറ്റി പറഞ്ഞുമനസ്സിലാക്കുകയും വിലക്കേർപ്പെടുത്തുകയും ചെയ്തു.ഇതിൽ അസ്വസ്ഥയായ അവൾ മുറിയിൽ കയറി കതകടച്ചു.അച്ഛനമ്മമാർ ഒരുപാട് കതകിൽ മുട്ടി.പക്ഷേ മകളുടെ ഒരു ശബ്ദം പോലും കേൾക്കാൻ സാധിച്ചില്ല.കതക് ചവിട്ടിതുറന്നപ്പോൾ ബോധരഹിതയായ മകളെയാണ് കാണാൻ സാധിച്ചത്.ഒരു കയറിൽ ജീവനൊടുക്കി അവൾ...അവളുടെ മരണം ആ കുടുംബത്തെയാകെ തകർത്തു.

ജീവനെ സന്തോഷിപ്പിക്കുന്നതെന്ന് അർഥമുള്ള ലഹരി ഇന്ന് ജീവനെ ഇല്ലാതാക്കുന്നതെന്ന അർഥത്തിലാണുള്ളത്.അതിനാൽനമുക്ക്എല്ലാവർക്കുംലഹരിക്കെതിരെപോരാടാം...

അദ്വിത.പി
9C

SAY NO TO DRUGS....

# മാതൃത്വത്തിൻെറ മാതൃക

ഒരു കാട്ടിൽ ഒരു പെൺമാൻ ഉണ്ടായിരുന്നു.അതിന് രണ്ടു പെൺമക്കളാണ്.അവർ രണ്ടുപേരും വിശന്ന് കരഞ്ഞു.വേനൽകാലത്ത് വിശപ്പ് കാരണം ആ പെൺമാനും രണ്ട് കുഞ്ഞുങ്ങളും ഭക്ഷണം തേടി യാത്രയായി.അങ്ങനെ അവർ ആഴ്ചയോളം വിശന്ന് നടന്നു.ഭക്ഷണം കിട്ടാതെ ഒരു കുഞ്ഞ് മരിച്ചു. ആ സങ്കടം കാരണം അമ്മ പിന്നെയും മറ്റേ കുഞ്ഞിനു വേണ്ടി ഭക്ഷണത്തിന് യാത്രയായി. അങ്ങനെ അവർ ഒരു ആഴ്ചക്കുശേഷം ഒരു പുഴയുടെ അരികിലെത്തി. സന്തോഷത്തോടെ കുഞ്ഞും അമ്മയും വെള്ളം കുടിച്ചു.

അതേ സമയം പുഴയിൽ ഒരു മുതല വിശന്ന് ഇരിക്കുന്നുണ്ടായിരുന്നു. മുതല മാനിനെ കണ്ട് സന്തോഷിച്ചു.മുതല തന്റെ കുഞ്ഞിന്റെയടുത്തേക്ക് വരുന്നതുകണ്ട് ,അമ്മ മാൻ പുഴയിൽ ചാടി. മുതലയ്ക്ക് ആഹാരവുമായി. ഏത് വേദനയും മാറ്റി വെച്ച് സ്വന്തം മകളെ രക്ഷിക്കുകയാണ് ആ അമ്മ ചെയ്തത്.പാവം പെൺമാൻ അമ്മയും സഹോദരിയും പോയ സങ്കടത്തിൽ കരഞ്ഞു.

അവിടെ ഒരു പുള്ളിമാൻ വെള്ളം കുടിക്കുന്നുണ്ടായിരുന്നു.അവളുടെസങ്കടം കണ്ട് പുള്ളിമാൻ ചോദിച്ചു ; നീ എന്തിനാണ് കരയുന്നത്?അപ്പോൾ ആ പെൺകുഞ്ഞ് പറഞ്ഞു;എന്നെ അമ്മ രക്ഷപ്പെടുത്തി പക്ഷേ അമ്മ എന്നിൽ നിന്ന് മറഞ്ഞു പോയിരിക്കുന്നു. ഇപ്പോൾ ഞാൻ മാത്രമായി എനിക്ക് സഹോദരി ഉണ്ടായിരുന്നു. അവൾ വിശപ്പ് കാരണം മരിച്ചു.

എല്ലാ സങ്കടങ്ങളും മറച്ചുപിടിച്ച് മറച്ചുപിടിച്ച് ഓരോ അമ്മയും മക്കളെ രക്ഷിക്കുകയാണ്. അപ്പോൾ പുള്ളിമാൻ പറഞ്ഞു "ഞാൻ ഒരു മനുഷ്യന്റെ വീട്ടിലായിരുന്നു.ആ വീട്ടിൽ അമ്മയും മകനും മാത്രമാണ് ഉണ്ടായിരുന്നത്. മകന്റെ വിവാഹം കഴിഞ്ഞപ്പോൾ അവർക്കാർക്കും അമ്മയെ വേണ്ടാതാ യി. അവർ അമ്മയെ വൃദ്ധസദനത്തിലേയ്ക്ക് കൊണ്ടാക്കി.എനിക്കും ആരുമില്ലായിരുന്നു.ആ അമ്മയാണ് എന്നെ വീട്ടിലേക്ക് കൊണ്ടു പോയത്. അമ്മ എന്നത് നമ്മൾ എല്ലാം വിഷമിച്ച് ഇരിക്കുമ്പോൾ സന്തോഷിപ്പിക്കുന്നവരാണ്.അമ്മ പോയ കാരണംഅവർഎന്നെയുംവിട്ടയച്ചു".ഇപ്പോഴു ള്ള ഏത് മനുഷ്യർക്കും വിവാഹംകഴിഞ്ഞാൽ അമ്മയെ വെറുപ്പാണ്. അമ്മയെ എല്ലാവരും വൃദ്ധസദനത്തിലേക്ക്കൊണ്ടാക്കുകയാണ്."കു ഞ്ഞുങ്ങളുടെ ഒരു വരമാണ് അമ്മ".

ഫാത്തിമ ഹിബ.യു

# നന്ദി

ഈ മാഗസിൻ പ്രവർത്തനത്തിൽ സഹകരിച്ച

എല്ലാവർക്കും ഒറ്റ വാക്കിൽ നന്ദി